പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3693 | 24.06.2014-ൽ മറുപടിയ്ക്ക്

# അല്ലിമൂപ്പൻ - മുപ്പതേക്കർ കോളനികളിൽ വൈദ്യുതീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) പറമ്പിക്കുളത്തെ തേക്കടി അല്ലി മൂപ്പൻ - മുപ്പതേക്കർ കോളനികളിൽ വൈദ്യുതീകരണം നടത്തുന്നതിന് ആർ. ജി. ജി. വി. വൈ പ്രകാരം പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (ബി) | ഉണ്ട്.<br>ആർ. ജി. ജി. വി. വൈ പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ ലിമിറ്റഡിൻെറ ചീഫ് പ്രോജക്ട് മാനേജർ 03-01-2014-ലെ ആർ. ഇ. സി/റ്റി. വി. എം/ ഡി. ഡി. ജി/Sanction/2013-14/642 നമ്പർ കത്തു പ്രകാരം 15 ഗ്രാമങ്ങളിൽ സോളാർ പ്ളാൻറുകൾ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്ന പദ്ധതി നടപ്പാക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ തേക്കടി അല്ലിമൂപ്പൻ - മുപ്പതേക്കർ കോളനികളും ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ; ഇതിനായി നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ ? | (സി) | പ്രസ്തുത പദ്ധതിക്കായി ഇ-ടെൻറർ ക്ഷണിച്ചിട്ടുണ്ട്. ടെൻറർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 24-06-2014 ആണ്. |



**സെക്ഷൻ ഓഫീസർ.**